2021 ഫെബ്രുവരി 22
ചൊവ്വ TVM
മംഗളം

# പൊതു മേഖലയെ സംരക്ഷിക്കാൻ ഒരുമിച്ച് പണം നൽകും: മന്ത്രി പി. രാജീവ്

ചാത്തന്നൂർ: പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് അടിയന്തര ഘട്ടത്തിൽ ആവശ്യമായ പണം ഗഡുക്കളായി നൽകുന്നതിന് പകരം ഒന്നിച്ച് നൽകുന്നത് പരിഗണനയിലെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ചാത്തന്നൂരിലെ കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ രണ്ടാംഘട്ട നവീകരണ പദ്ധതിയുടെ ഉദ്ഘാടനവും ഗ്രാറ്റുവിറ്റി വിതരണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജി.എസ്. ജയലാൽ എം.എൽ.എ. അധ്യക്ഷത വഹിച്ചു. തദ്ദേശ ഭരണ സ്ഥാപന ഭാരവാഹികളായ ടി. ദിജു, ശ്രീജ ഹരീഷ്, എ.ദസ്തക്കിർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി

എ.പി.എം. മുഹമ്മദ് ഹനീഷ്, സ്പിന്നിങ് മിൽ ചെയർമാൻ എ.ആർ. ബഷീർ, ടെക്സ്ഫെഡ് മാനേജിങ് ഡയറക്ടർ എം.കെ. സലീം തുടങ്ങിയവർ പങ്കെടുത്തു.



■ ചാത്തന്നൂർ സ്പിന്നിങ് മിൽ രണ്ടാംഘട്ട നവീകരണം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു.

# കോവിഡ് സമാശ്വാസ പദ്ധതിയുടെ കാലാവധി സർക്കാർ നീട്ടി

തിരുവനന്തപുരം: സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് കോവിഡ് 19 സമാശ്വാസ പദ്ധതി പ്രകാരം സർക്കാർ പ്രഖ്യാപിച്ച സാമ്പത്തിക പിന്തുണാ പാക്കേജിന്റെ കാലാവധി മാർച്ച് 31 വരെ നീട്ടി. 2021 ജൂലൈയിലാണ് പദ്ധതി പ്രഖ്യാപിച്ചത്. പദ്ധതിക്കു കീഴിൽ അഞ്ചുശതമാനം പലിശനിരക്കിൽ ആകെ 200 കോടി രൂപ കോവിഡുമായി ബന്ധപ്പെട്ട ആരോഗ്യപരിരക്ഷാ വ്യവസായ ങ്ങൾക്ക് പ്രത്യേക വായ്പകളും സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായങ്ങൾക്ക് മൃദുവായ്പകളുമായി അനുവദിക്കുമെന്ന് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ അറിയിച്ചു.